
# പാഠം 13



## ഒരു പഠന സഹായി

*യേശു സൌഖ്യമാക്കുന്നു*

യേശു
സൌഖ്യ
മാക്കുന്നു

## വേദവചന കഥ

***യേശു സൌഖ്യമാക്കുന്നു എന്നു പഠിപ്പിക്കുന്ന കഥ ഉപയോഗിക്കുക***

**സദ്വർത്തമാന കഥാപുസ്തകം ആറ്. പേജുകൾ 2-15.** *യേശു സൌഖ്യമാക്കുന്നു.*

'യേശു സൌഖ്യമാക്കുന്നു' എന്ന നാടകം അഭിനയിക്കുവാൻ പോകുകയാണെന്ന് കുട്ടികള്ക്ക് വിവരിച്ച് കൊടുക്കുക.

*സദ്വവർത്തമാന കഥാപുസ്തകം ആറിലുള്ള* 2-15 വരെയയുള്ള പേജുകളിൽ നിന്ന് കുട്ടികൾക്ക് കഥ വായിച്ച് കൊടുക്കുക, വായിക്കുമ്പോൾ ചിത്രങ്ങൾ കാണിച്ച് കൊടുക്കുക.

ഒരു കുട്ടി തെറ്റായ ഉത്തരം പറഞ്ഞാൽ കൊള്ളാം, നല്ല ശ്രമം നടത്തി, എന്നാൽ ഞാൻ ഉദ്ദേശിച്ച ഉത്തരം അതല്ലായിരുന്നു എന്ന് പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുക. എന്നാൽ ഒരു കുട്ടി ശരിയായ ഉത്തരം പറഞ്ഞാൽ കൊള്ളാം! നന്നായി പറഞ്ഞു എന്ന് പറയുക!

നിങ്ങള്ക്ക് ചോദിക്കുവാൻ കഴിയുന്ന ചോദ്യങ്ങൾ താഴെ കൊടുക്കുന്നു.

**ആരുടെ അടുക്കലേക്കാണ് യായിറോസ് സഹായത്തിന് വേണ്ടി ഓടിയത്?**
യേശുവിന്റെ അടുക്കലേക്ക്.

**ആരോടാണ് യായിറോസ് പറഞ്ഞത്, 'നീ ഒന്ന് തൊട്ടാൽ എന്റെ മകൾ സൌഖ്യമാകും' എന്ന്?** യേശുവിനോട്.

**ആരോടാണ് യായിറോസ് പറഞ്ഞത്, 'നീ ഒന്ന് തൊട്ടാൽ എന്റെ മകൾ ജീവിക്കും' എന്ന്?** യേശുവിനോട്.


**ആരാണ് പറഞ്ഞത്, 'യേശു എന്നെ ഒന്ന് തൊട്ടതിനാൽ ഞാൻ സൌഖ്യമായി' എന്ന്?**
ഒരു സ്ത്രീ.

**എന്താണ് യേശു ദീനമായി മരിച്ച പെണ്കുട്ടിയോട് പറഞ്ഞത്?**
ബാലേ, എഴുന്നേല്ക്കുക!

**എന്താണ് മരിച്ചുപോയ പെണ്കുട്ടിയോട് യേശു സംസാരിച്ചപ്പോൾ സംഭവിച്ചത്?**
ബാല ജീവിച്ചു!


**ആര്ക്കാണ് ഇരുട്ടിനെ പുറത്ത് തള്ളിക്കളയുവാൻ കഴിവുള്ളത്?** യേശുവിന്.

# പാഠം 13



## നാട്യ ഗാനം

***യേശു സൗഖ്യമാക്കുന്നു എന്ന് പഠിപ്പിക്കുന്ന നാട്യ ഗാനം ഉപയോഗിക്കുക***



ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ. യേശു സുഖപ്പെടുത്തുന്നു.

യേശു സുഖപ്പെടുത്തുന്നു, ഹല്ലേലൂയ്യാ, യേശു സുഖപ്പെടുത്തുന്നു, ഹല്ലേലൂയ്യാ,
യേശു സുഖപ്പെടുത്തുന്നു, ഹല്ലേലൂയ്യാ, യേശു സുഖപ്പെടുത്തുന്നു!

## ദൃഷ്ടാന്ത പാഠം

***യേശു സൗഖ്യമാക്കുന്നു എന്നു പഠിപ്പിക്കുന്ന ദൃഷ്ടാന്ത പാഠം ഉപയോഗിക്കുക***

ഒരു കുട്ടിയോട് നിങ്ങളുടെ സഹായി ആകുവാനായി പറയുക. ആ കുട്ടിയോട് മുമ്പിലേക്ക് കടന്നുവന്ന്  നിങ്ങളുടെ നേരെ പുറം തിരിഞ്ഞ്, മറ്റ് കുട്ടികള്ക്കുനേരെ നില്ക്ക്വാനായി പറയുക. ആ കുട്ടിയോട് പുറകിലോട്ട് വീഴുവാനായി പറയുക അപ്പോൾ നിങ്ങൾ (അദ്ധ്യാപകൻ) അവനെ പിടിക്കണം.

നിങ്ങൾ കുട്ടിയെ പിടിച്ചതിനുശേഷം, ഈ കുട്ടി നിങ്ങളെ അറിയുകയും വിശ്വസിക്കുകയും ചെയ്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തത് എന്ന് വിവരിച്ച് കൊടുക്കുക. ആ കുട്ടി വീഴുമ്പോൾ നിങ്ങൾ പിടിക്കുമെന്ന് അറിയുകയും വിശ്വസിക്കുകയും ചെയ്തു. ഇത് കഥയിലെ യായിറോസിനെയും സ്ത്രീയെയും പോലെയാണ്. അവർ രണ്ടുപേരും യേശുവിനെ അറിയുകയും വിശ്വസിക്കുകയും ചെയ്തു. യേശു സൗഖ്യമാക്കും എന്ന് അവർ രണ്ടുപേരും അറിയുകയും വിശ്വസിക്കുകയും ചെയ്തു.

**യേശു സൗഖ്യമാക്കുന്നു**

**സാക്ഷിക്കുക:** സൃഷ്ടാവാം ദൈവം നിങ്ങളെ എങ്ങനെ സൗഖ്യമാക്കി എന്ന് കുട്ടികളോട് പങ്കിടുകയും അവരെ കാണിച്ച് കൊടുക്കയും ചെയ്യുക. അല്ലെങ്കിൽ മറ്റേതെങ്കിലും രോഗിയോ, ശരീരത്തിലോ ആത്മാവിലോ പ്രശ്നം ഉള്ളവരും ഇപ്പോൾ സൗഖ്യമായതുമായ അവസ്ഥ  വിവരിക്കുക. അവരോട് സൃഷ്ടാവാം ദൈവം അവരെ എങ്ങനെ സൗഖ്യമാക്കി എന്ന് കുട്ടികളോട് പങ്കിടുകയും അവരെ കാണിച്ച് കൊടുക്കയും ചെയ്യുവാനായി പറയുക.

## വേദവചന മനഃപാഠ വാക്യ കളി

***യേശു സൗഖ്യമാക്കുന്നു എന്നു പഠിപ്പിക്കുന്ന വേദവചന മനഃപാഠ വാക്യം ഉപയോഗിക്കുക***

**ലൂക്കോസ്** 6:19 *'എല്ലാവരും യേശുവിനെ തൊടാൻ ശ്രമിച്ചു. എന്തെന്നാല് ശക്തി അവനില് നിന്നായിരുന്നു പുറപ്പെട്ടിരുന്നത്. യേശു എല്ലാവരെയും സുഖപ്പെടുത്തി.'*

# പാഠം 13

യേശു സൌഖ്യ മാക്കുന്നു

**ഭാഷണമില്ലാ മത്സരം**
കുട്ടികളെ രണ്ട് ടീമായി തിരിക്കുക. ആദ്യത്തെ ടീമിനോട് ഒരു നേതാവിനെ തിരഞ്ഞെടുക്കുവാനായി പറയുക. ആദ്യത്തെ ടീമിന്റെ നേതാവ് മുമ്പിലേക്ക് കടന്നു വരുക. ആദ്യത്തെ ടീമിന്റെ നേതാവിനോട് വേദവചന മനഃപാഠവാക്യത്തിന്റെ ആദ്യത്തെ ഭാഗം, 'എല്ലാവരും യേശുവിനെ തൊടുവാൻ ശ്രമിച്ചു,' എന്ന് പറഞ്ഞുകൊടുക്കുക. എന്നാൽ മറ്റ് കുട്ടികൾ ഇതു കേൾക്കരുത്. ആദ്യത്തെ ടീമിന്റെ നേതാവിനോട് വേദവചന മനഃപാഠവാക്യം (പറയാതെ) അഭിനയിച്ച് കാണിക്കുവാൻ പറയുക. ആദ്യത്തെ ടീമിലെ കുട്ടികൾ ഇത് ഊഹിച്ചെടുക്കുവാൻ ശ്രമിക്കണം.

ആദ്യത്തെ ടീം ഊഹിച്ചെടുത്തില്ലെങ്കിൽ രണ്ടാമത്തെ ടീമിനോട് ഇത് ഊഹിക്കുവാനായി പറയുക. എന്നാൽ അല്പ സമയത്തിന് ശേഷവും രണ്ടാമത്തെ ടീമിനും ഊഹിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ കുട്ടികൾക്ക് ഊഹിക്കുവാൻ സഹായിക്കുന്നതായ ചില സൂചനകൾ നല്കുക.

നിങ്ങൾ കുട്ടികളോട് വാചകം പറഞ്ഞുകൊടുത്തതിന് ശേഷമോ അവർ ശരിയായി ഊഹിച്ചെടുത്തതിനു ശേഷമോ രണ്ടാമത്തെ ടീമിന്റെ നേതാവ് മുമ്പിലേക്കു കടന്നു വരണം. രണ്ടാമത്തെ ടീമിന്റെ നേതാവിനോട് വാക്യത്തിന്റെ രണ്ടാം ഭാഗം, 'എന്തെന്നാൽ ശക്തി അവനിൽ നിന്നായിരുന്നു പുറപ്പെട്ടത്' എന്നു പറഞ്ഞു കൊടുക്കുക. രണ്ടാമത്തെ ടീമിന്റെ നേതാവിനോട് വേദവചന മനഃപാഠവാക്യം (പറയാതെ) അഭിനയിച്ച് കാണിക്കുവാൻ പറയുക. രണ്ടാമത്തെ ടീമിലെ കുട്ടികൾ ഇത് ഊഹിച്ചെടുക്കുവാൻ ശ്രമിക്കണം.

രണ്ടാമത്തെ ടീം ഊഹിച്ചെടുത്തില്ലെങ്കിൽ ആദ്യത്തെ ടീമിനോട് ഇത് ഊഹിക്കുവാനായി പറയുക. എന്നാൽ അല്പ സമയത്തിന് ശേഷവും ആദ്യത്തെ ടീമിനും ഊഹിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ കുട്ടികൾക്ക് ഊഹിക്കുവാൻ സഹായിക്കുന്നതായ ചില സൂചനകൾ നല്കുക.

നിങ്ങൾ കുട്ടികളോട് വാചകം പറഞ്ഞു കൊടുത്തതിന് ശേഷമോ അവർ ശരിയായി ഊഹിച്ചെടുത്തതിന് ശേഷമോ കുട്ടികൾക്ക് വാക്യത്തിന്റെ അവസാന ഭാഗം 'യേശു എല്ലാവരെയും സുഖപ്പെടുത്തി' എന്നത് പറഞ്ഞു കൊടുക്കുക.

കുട്ടികളോട് വേദഭാഗ മനഃപാഠ വാക്യം മുഴുവനായി പറയുവാൻ പറയുക.

## പ്രായോഗിക പ്രയോജനം

***യേശു സൌഖ്യമാക്കുന്നു എന്നു പഠിപ്പിക്കുന്ന പ്രായോഗിക കാര്യങ്ങൾ ഉപയോഗിക്കുക***

**കുട്ടികളോട് അവരിൽ ആരെങ്കിലും രോഗികളാണെങ്കിൽ യേശു അവരെ സൌഖ്യമാക്കുവാൻ ആഗ്രഹിക്കുന്നുവോ എന്ന് ചോദിക്കുക.**
കുട്ടികളോട് അവരിൽ ആരെങ്കിലും രോഗികളാണെങ്കിൽ യേശു അവരെ സൌഖ്യമാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നുവോ എന്ന് ചോദിക്കുക. രോഗികളായിരിക്കുന്ന കുട്ടികൾക്കുവേണ്ടി അന്യോന്യം പ്രാർത്ഥിക്കുവാൻ കുട്ടികളോടു പറയുക. പരിശുദ്ധാത്മാവ് നിങ്ങളെയും കുട്ടികളെയും പ്രാർത്ഥനയിൽ നിയന്ത്രിക്കട്ടെ.

**പ്രാർത്ഥന:** നന്ദിയുടെ പ്രാർത്ഥനയും യേശുവിന്റെ നാമത്തിൽ സ്തോത്രവും ചെയ്തതിന് ശേഷം അവസാനിപ്പിക്കുക.